(6) സ്വന്തം ചെലവിൽ മീറ്റർ ഘടിപ്പിച്ച ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് മീറ്റർ വാടക ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, സ്വന്തം ചെലവിൽ മീറ്റർ ഘടിപ്പിച്ചിട്ടുള്ള ഗാർഹിക വൈദ്യുതി ഉപഭോക്താക്കൾ ഇപ്പോൾ മീറ്റർ വാടക കൊടുക്കേണ്ടിയിരിക്കുന്നു. അത് ഗവൺമെന്റ് പിൻവലിക്കേണ്ടതാണ്. ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രി ഇൻഡ്യയിൽ ആദ്യമായി വൈദ്യുതി ചാർജ് കുറച്ച മന്ത്രിയാണ്. പരിമിതമായ സമയത്തിനുള്ളിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുത്ത മന്ത്രിയാണ്. നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി മോഷണത്തിന് നിയന്ത്രണമുണ്ടാക്കി ബോർഡിന് ലാഭമുണ്ടാക്കിയ ആളാണ്. അതോടൊപ്പം സംസ്ഥാനത്തെ വളരെ പാവപ്പെട്ട കയർപിരി തൊഴിലാളികളുടെ മേൽ അങ്ങയുടെ കൃപാകടാക്ഷം ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുന്നു. കയർപിരി തൊഴിലാളികളുടെ സംഘങ്ങളുടെ മിനിമം ഡിമാന്റ് ചാർജ് പിൻവലിക്കാൻ അങ്ങ് സന്നദ്ധമാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ധാരാളം വ്യവസായശാലകൾ അടഞ്ഞുകിടക്കുന്നു. അത് തുറന്ന് പ്രവർത്തിപ്പിക്കണമെങ്കിൽ ലക്ഷക്കണക്കിന് രൂപയുടെ ഭീമമായ വൈദ്യുതി കുടിശ്ശികയുണ്ട്. ആ കുടിശ്ശികയിൽ അല്പം കുറവുണ്ടാക്കി അടഞ്ഞുകിടക്കുന്ന വ്യവസായശാലകൾ കൂടി തുറന്നുപ്രവർത്തിപ്പിക്കുവാൻ പര്യാപ്തമായ നിലയിൽ വൈദ്യുതി വകുപ്പ് മന്ത്രിയുടെ ശ്രദ്ധ അക്കാര്യത്തിൽ ഉണ്ടാകണമെന്നും ഒരിക്കൽകൂടി മീറ്റർ വാടക പിൻവലിച്ച് ഈ രംഗത്ത് പരിമിതമായ സമയത്തിനുള്ളിൽ അതിശ്രദ്ധേയനായ വൈദ്യുതി വകുപ്പ് മന്ത്രി എന്നു പേര് കേട്ട അങ്ങ് ഇക്കാര്യത്തിൽ കൂടി അടിയന്തിര നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് സ്വന്തമായി മീറ്റർ വച്ച ആളുകളിൽ നിന്ന് മീറ്റർ വാടക ഈടാക്കുന്നു എന്നുള്ളതാണ്. സ്വന്തമായി മീറ്റർ വച്ച എല്ലാ എൽ.റ്റി കണക്ഷന്റെയും മീറ്റർ വാടക 22.01.05 മുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി ഈടാക്കുന്നതല്ല എന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. അതേ അവസരത്തിൽ സ്വന്തമായി മീറ്റർ വച്ച ആളുകൾ അല്ലെങ്കിൽ സ്വന്തമായി മീറ്റർ വയ്ക്കുന്ന ആളുകൾ ഇൻസ്പെക്ടറേറ്റിൽ നിന്ന് അത് ടെസ്റ്റ് ചെയ്യിച്ച് സ്ഥാപിച്ചാൽ ആ എൽ.റ്റി കൺസ്യൂമറോടും വാടക ഈടാക്കില്ല. 22.01.05-ന് ശേഷം ആരെങ്കിലും അങ്ങനെ വച്ചിട്ടുണ്ടെങ്കിൽ, അവരോട് വാടക ഈടാക്കിയിട്ടുണ്ടെങ്കിൽ അവരുടെ future ബില്ലുകളിൽ അത് അഡ്ജസ്റ്റ് ചെയ്ത് കൊടുക്കുന്നതാണ്. അതിനോടൊപ്പം മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ മറ്റൊരുകാര്യം കയർ സഹകരണസംഘങ്ങളെ സംബന്ധിച്ചാണ്. 140-ഓളം സഹകരണ സംഘങ്ങൾ മിനിമം ഡിമാന്റ് ചാർജ് കൊടുക്കുന്നതുകൊണ്ട് വളരെയധികം പ്രയാസത്തിലാണ്. ആ 140 സംഘങ്ങളെയും മിനിമം ഡിമാന്റ് ചാർജിൽ നിന്ന് ഒഴിവാക്കുന്നതാണ്. അതുപോലെതന്നെ പൂട്ടിക്കിടക്കുന്ന വ്യവസായങ്ങൾ മാർച്ച് 31-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

ക്കുളളിൽ തുറക്കുകയാണെങ്കിൽ പൂട്ടിക്കിടന്ന കാലത്തെ മിനിമം ഡിമാന്റ് ചാർജ്ജിൽ നിന്ന് പൂട്ടിക്കിടക്കുന്ന എല്ലാ വ്യവസായങ്ങളെയും ഒഴിവാക്കുന്നതാണ്.

കുട്ടനാട്ടിൽ ജലനിരപ്പ് താഴ്ന്നതുമൂലമുള്ള ശുദ്ധജലക്ഷാമം

ഡോ. കെ. സി. ജോസഫ്: സർ, ശുദ്ധജലക്ഷാമം കൊണ്ട് കുട്ടനാട്ടിലെ ജനങ്ങൾ പരിഭ്രാന്തിയിലാണ്. വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണെങ്കിലും ശുദ്ധജലം ലഭ്യമല്ല. ജലനിരപ്പ് താഴ്ന്നിരിക്കുന്നു. പാടശേഖരങ്ങളിൽ നിന്ന് പമ്പ് ചെയ്യുന്ന മാലിന്യങ്ങൾ, ഹൗസ്ബോട്ടിൽ നിന്ന് വരുന്ന മാലിന്യങ്ങൾ ഇതെല്ലാംമൂലം കുട്ടനാട്ടിലെ ജലാശയങ്ങൾ മലിനീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിയിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കേണ്ടതാണ്. കുട്ടനാടിന് വേണ്ടി ഉണ്ടാക്കിയ പദ്ധതിയനുസരിച്ച് 12 ദശലക്ഷം ലിറ്റർ വെള്ളമെങ്കിലും നൽകണമെന്ന് പറയുന്നുണ്ടെങ്കിലും ഇപ്പോൾ നാല് ദശലക്ഷം ലിറ്റർ വെള്ളംപോലും കൊടുക്കുന്നില്ല. അവിടെ അനുവദിച്ച പദ്ധതികൾ പലതും തുടങ്ങിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനഘട്ടത്തിൽ പി.എം.ജി.വൈ. സ്കീമിൽ ഉൾപ്പെടുത്തി നീരേറ്റുപുറത്ത് ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടാക്കുന്നതിന് നാല് കോടി രൂപയുടെ പദ്ധതി അനുവദിച്ചു. പക്ഷേ അതിന് ഇതുവരെ ഭരണാനുമതി കൊടുത്തിട്ടില്ല. അവിടെ രണ്ട് കൊല്ലം മുൻപ് പണിതീർത്ത പളളിക്കുട്ടുമ്മൽ ഓവർഹെഡ്ഡ് ടാങ്കിന്റെ പണി തീർന്നുവെങ്കിലും വെർട്ടിക്കൽ കണക്ഷൻ കൊടുക്കാത്തതുകൊണ്ട് അതിനും കണക്ഷൻ ലഭിക്കുന്നില്ല. ടെന്റർ ചെയ്ത മൂന്ന് ഓവർഹെഡ്ഡ് ടാങ്കുകളുണ്ട്. മുട്ടാർ, തലവടി, രാമങ്കരി എന്നിവയുടെ പണി ആരംഭിച്ചിട്ടില്ല. അതിനുളള കമ്പിയും സിമന്റും ഇതുവരെ കൊടുത്തിട്ടില്ല. അങ്ങനെ കുട്ടനാടിന്റെ ശുദ്ധജലവിതരണ പദ്ധതികളാകെ സ്തംഭനാവസ്ഥയിലാണ്. ശുദ്ധജലക്ഷാമം വലിയ ആരോഗ്യ പ്രശ്നമുണ്ടാക്കുന്ന സാഹചര്യത്തിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): രണ്ട് മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ പറഞ്ഞത്. ഒന്ന്, നീരേറ്റുപുറം ട്രീറ്റ്മെന്റ് പ്ലാന്റിന് വേണ്ടിയുളള അനുമതി; രണ്ട്, പളളിക്കുട്ടുമ്മൽ ഓവർഹെഡ്ഡ് ടാങ്ക് കമ്മീഷൻ ചെയ്യുന്നതിനുളള നടപടി, മൂന്ന്, കുട്ടനാട് സ്കീമിന്റെ വെള്ളം കുട്ടനാട്ടിൽത്തന്നെ കിട്ടുന്നതിന് വേണ്ടി അതിന്റെ ഒരു ഷെയർ കിട്ടണം. ഈ മൂന്ന് ആവശ്യത്തെക്കുറിച്ചും ഞാൻ നെഗറ്റീവായി പറയുന്നില്ല. അതിന് ചില പ്രയാസങ്ങൾ കൂടിയുണ്ട്. ശുദ്ധീകരണശാലയ്ക്ക് വേണ്ടിയുളള സ്ഥലം ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്ത് 7.5 ലക്ഷം രൂപ വാട്ടർ അതോറിറ്റിക്ക് നൽകി. പ്രസ്തുത സ്ഥലത്തിന് ഇപ്പോൾ വഴി സൗകര്യം ഇല്ല. അത് ലഭിക്കുന്നതിന് വേണ്ടി സമീപവാസികളുമായി ഗവൺമെന്റ് നീക്കുപോക്ക് നടത്തുന്നുണ്ട്. പഞ്ചായത്ത് കൂടി മുൻകയ്യെടുക്കണം. ബഹുമാനപ്പെട്ട എം.എൽ.എ. കൂടി മുൻകയ്യെടുത്ത് കഴിഞ്ഞാൽ നിശ്ചയമായിട്ടും അടുത്ത സ്റ്റെപ്പിലേയ്ക്ക് പോകാം. ഗവൺമെന്റ് അതിനുവേണ്ടിയുളള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly